"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/154/2022-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 19-05-2022

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രാദേശിക സാമ്പത്തിക വികസനം - തൊഴിൽ ലഭ്യമാക്കുന്ന സംരംഭങ്ങൾക്ക് കൈത്താങ്ങ് നല്കുന്നതിന് ഇന്റേർണിനെ നിയമിക്കുന്നത് - അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 30.03.2022 -ലെ സ.ഉ.(സാധാ) നം. 289/2022/വ്യവ

***********************

2022-23 സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ബൃഹത്തായ പദ്ധതിക്ക് വിവിധ വകുപ്പുകൾ ചേർന്ന് തുടക്കമിടുകയാണ്. ഓരോ ആയിരം ജനസംഖ്യയിൽ 5 പേർക്ക് വീതം തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. K-DISC, കുടുംബശ്രീയുമായി ചേർന്ന് 20 ലക്ഷം പേർക്ക് തൊഴിൽ കണ്ടെത്താനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

ഈ തൊഴിൽദായക ക്യാമ്പയിന്റെ ഏകോപനത്തിനായി, സംരംഭങ്ങൾ തുടങ്ങാൻ ജനങ്ങൾക്ക് പ്രേരണ നൽകുവാനും സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകുന്നതിനും വേണ്ടി, ഒരു ഇന്റേർണിനെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശ ഭരണ സ്ഥാപന പരിധിയിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് പൊതു ബോധവൽക്കരണം നടത്താനും തുടർന്ന് താല്പര്യപ്പെട്ടു വരുന്ന ആളുകൾക്ക് 2022 മെയ് മാസത്തിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തിക്കൊണ്ട് സംരംഭങ്ങൾക്ക് ആവശ്യമുള്ള ലൈസൻസും ലോണും സബ്സിഡിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും ഈ ക്യാമ്പയിന്റെ ഭാഗമായി ഉദ്ദേശിക്കുന്നുണ്ട്. തുടർന്നുള്ള മാസങ്ങളിൽ ഈ പ്രക്രിയ തുടർന്ന് കൊണ്ട് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തും പരമാവധി സംരംഭങ്ങൾ തുടങ്ങാനും താല്പര്യമുള്ള എല്ലാവരെയും സംരംഭകത്വത്തിലേക്കു നയിക്കാനും വേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും തൊഴിൽ അന്വേഷകർക്ക് സഹായിയും വഴികാട്ടിയുമായും ഇന്റേർൺ പ്രവർത്തിക്കേണ്ടതാണ്.

തൊഴിൽ രൂപീകരണ പദ്ധതിയുടെ ഭാഗമായി നിയമിക്കുന്ന ഇന്റേർൺ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കേണ്ടത്. സംരംഭകരുടെ വിവരശേഖരണം, സംരംഭകർക്കാവശ്യമായ ഓൺലൈൻ സേവനങ്ങളായ ലൈസൻസ്, സബ്സിഡി, ലോൺ മുതലായവയ്ക്കുള്ള അപേക്ഷകൾ തയ്യാറാക്കി നൽകൽ, സംരംഭകർക്കുള്ള മറ്റ് കൈത്താങ്ങ് സഹായങ്ങൾ എന്നിവ ഇന്റേർൺ വഴിയാണ് നൽകേണ്ടത്. ഇന്റേർണിന്റെ

പ്രവർത്തനങ്ങൾക്ക വേണ്ട അടിസ്ഥാന സൗകര്യങ്ങളായ സ്ഥിരമായ ഒരു ഇരിപ്പിടം, കമ്പ്യൂട്ടർ, പ്രിന്റർ, ഇന്റർനെറ്റ് സൗകര്യം എന്നിവ ഒരുക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നും അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

1) എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2) എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3) എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4) എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5) എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6) മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8) പഞ്ചായത്ത് ഡയറക്ടർ
9) ഗ്രാമവികസന കമ്മീഷണർ
10) നഗരകാര്യ ഡയറക്ടർ
11) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12) ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13) എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷകൾക്കും /അദ്ധ്യക്ഷന്മാർക്കും
14) എല്ലാ ജില്ലാകളക്ടർമാർക്കും
15) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16) ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17) ഡയറക്ടർ ജനറൽ, കില
18) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
20) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21) തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പ്
22) വ്യവസായ വകുപ്പ്
23) കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sureshkumar K**
**Date: 19-05-2022 10:59:12**

സെക്ഷൻ ഓഫീസർ.